


ജി.എച്ച്.എസ്. എസ് കുട്ടമത്ത്



പ്രധാനധ്യാപകൻ

ജിഎച്ച്എസ്സ് എസ്

കുട്ടമത്ത്,ചെറുവത്തൂർ.

## സന്ദേശം

കുട്ടികളിലെ അക്കാദമിക മികവിന്റെ വളർച്ചയും അവരിലെ സർഗ്ഗാത്മകശേഷിയുടെ വളർച്ചയും ഒരുമിക്കുമ്പോഴാണ് ഏതൊരു വിദ്യാർഥിയും മികവുകളിലെ കൈയിലൊതുക്കി മികച്ച നേട്ടങ്ങൾ കൊയ്തെടുക്കുന്നത്. ജിഎച്ച്എസ് കുട്ടമത്തിലെ കുട്ടികൾ ഈ നേട്ടത്തെ പൂർണ്ണമായും ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവരാണ്.കുട്ടികളിലെ സർഗ്ഗാത്മകശേഷികളും ക്രിയാത്മകശേഷികളുംവളർത്തിയെടുക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാലയങ്ങളിൽ പൂർണ്ണസജ്ജരാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കുട്ടികളിലെ സർഗ്ഗാത്മക ശേഷികളെ പുറത്തെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ,സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കിയ "കുട്ടിപ്പട്ടം" എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.മുഴുവൻ ക്ലബ്ബംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

18/01/2019.
കുട്ടമത്ത്.

പ്രിയരെ,

മലയാളഭാഷയ്ക്ക് സമ്പന്നമായൊരു സാഹിത്യപാരമ്പര്യമു ണ്ട്.അത് പരിചയപ്പെടാനും ഒപ്പം  മറ്റുഭാഷകളിലെ ശ്രദ്ധേയമായ സാഹിത്യരചനകളിലേക്കും വൈജ്ഞാനിക മേഖലകളിലേക്കും കടന്നുചെല്ലാനും കുട്ടികൾക്ക് സാധിക്കണം ഇതിന് സഹായകമാവുകയാണ് ഈ പുസ്തകം.കേവലമായ ആശയവിനിമയത്തിനപ്പുറംഭാഷ നിർവഹിക്കുന്ന ധർമങ്ങൾ ഏറെയാണ്.കൂടാതെ, സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ നിർണായകമായ പങ്കുവഹിക്കുന്നു.

നമ്മുടെ അറിവുകളും അനുഭവങ്ങളുംസ്വാഭാവികമായ രീതിയിൽ ആവിഷ്കരിക്കാനും വിനിമയം ചെയ്യാനും ഈ പുസ്ത കത്തിലൂടെ ശ്രമിക്കുകയാണ്. തികച്ചും സംതൃപ്തിയോടെ പറയട്ടെ, ഇതിലെ ഓരോതാളുംഅറിവുകളുടെ ശേഖരണമാണ്. വരും കാലത്തേക്ക് കരുതിവെക്കാനുള്ളതാണ്.തലമുറയ്ക്ക് നേരിന്റെ വഴികാട്ടിയുമാണ്.ഈപുസ്തകത്തിൽഅറി വൊരുക്കിയവർ നിരവധിയാണ്. പേരെടുത്തു പറയാനിവിടെ ഒരുങ്ങുന്നില്ല. അവരും വായനക്കാരുടെ മനസ്സിൽ നിറഞ്ഞുനിൽക്കും.ആശംസകളയച്ച് പ്രോത്സാഹിപ്പിച്ചവരുണ്ട്, അണിയറയിൽ പ്രവർത്തിച്ചവരുണ്ട്.എല്ലാവരെയും കൃതജ്ഞത  അറിയിക്കുകയാണ്.

മാതൃഭാഷയെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുന്നതിന് ഈപുസ്തകവും കൃതികളും സഹായിക്കു മെന്ന്  പ്രത്യാശിക്കുന്നു. ജാഗരൂകരായി സദാപ്രവർത്തിച്ച എല്ലാവർക്കുംഎഡിറ്റോറിയൽ ബോർഡിന്റെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

വായനക്കാർക്കു മുന്നിൽ സാദരം 'കുട്ടിപ്പട്ടം' സമർപ്പിക്കുകയാണ്.

എഡിറ്റോറിയൽ ബോർഡ്.

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്-ജി,എച്ച്.എസ് കുട്ടമത്ത്**

(lk 12031/2018)



# എഡിറ്റോറിയൽ ബോർഡ്



## *എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ*

- *രമേശൻ പുന്നത്തിരിയൻ.(എച്ച്.എസ്. എ മലയാളം)*
- *മുഹമ്മദ് കുഞ്ഞി എം.(എച്ച്.എസ്. എ മലയാളം)*
- *ആദിത്യൻ പി.വി.*
- *അമൽരാജ് ടി.വി.*
- *ആദിത്യൽ ഒ.വി.*
- *ആദർശ് അരവിന്ദ് സി.വി.*
- *സാരംഗ് ശ്രീകുമാർ*

***സ്റ്റാഫ് എഡിറ്റർ***

*രമേശൻ പുന്നത്തിരിയൻ*

***സ്റ്റുഡന്റ് എഡിറ്റർ***

ആദിത്യൻ പി.വി.

# ഉള്ളടക്കം


- കേരളഗാനം -1
- അകലം -2
- മഴ -3
- യ്യോ.. അയ്യോ... -4
- കണ്ണാടി -5
- റിമോട്ട് കൺടോൾ -6
- അതിർത്തി -7
- ബീഫ് -8
- മുഖം തേടിയൊരു യാത്ര -9
- വിധി -10
- വീണപ്പൂവ് -11
- നാരങ്ങമുട്ടായി -12
- പെയ്യാതെപോയ മേഘം -13
- തിരനോട്ടം -14
- കവിതയെപ്പറ്റി -15
- അമ്മ -16
- ചെയ്ത്തി -17
- സാമ്പാർ -18
- നൂല് -19
- വിദ്യാർഥികളും നവമാധ്യമങ്ങളും -20
- നഷ്ടസ്വർഗങ്ങൾ -22




# കേരളഗാനം

കേരളമെന്നുടെ നാടാണ്
കേളിയെഴുന്നൊരു നാടാണ്
കേരം തിങ്ങും നാടാണ്
കേവഞ്ചികളുടെ നാടാണ്
തുഞ്ചൻ പിറന്ന നാട്
തുള്ളൽ കളിയുടെ നാട്



വഞ്ചിപ്പാട്ടിൻ ഈരടിയുണർന്ന
വർണമനോഹര നാട്
വള്ളത്തോളിൻ പിറന്ന നാട്
കഥകളിയുണരും നാട്
ചങ്ങമ്പുഴയുംവയലാറും
കവിതകൾ തീർത്തൊരു നാട്.
മോഹിനിയാട്ടം തിരുവാതിരയും
മാർഗം കളിയും ഒപ്പനയും
തെയ്യക്കോലവു,മുത്സവവും
വള്ളംകളിയുടെ ആരവവും
ചേർന്നുണരും നാട്; അങ്ക-
ച്ചേകോർ പിറന്ന നാട്.
ശ്രീശങ്കരൻ പിറന്ന നാട്
ശ്രീനാരായണ ഗുരുവിൻ നാട്
ഓണം ക്രിസ്തുമസ് പെരുന്നാളുകളിൽ
ഒരുമ തീർക്കും നാട്; എങ്ങും
പെരുമ തീർത്തൊരു നാട്.
വയലേലകളിൽ ,നാടൻപാട്ടിന്
ശീലുകളുയരും നാട്
വിയർപ്പുതിർക്കും കർഷകരാലെ
വിശപ്പകറ്റുംനാട്,ചേലിൽ വിശപ്പകറ്റും നാട്
നിളാ നദിയും പെരിയാറും
പമ്പയും ചന്ദ്രഗിരിയും
ഒന്നിച്ചൊഴുകി അറബിക്കടലിൽ
അലിഞ്ഞൊഴുകും നാട് ; എന്നും
അലിഞ്ഞൊഴുകും നാട്.
ഗജവീരൻമാർ അണിയായിനിന്നൊരു
പൂരമഹോത്സവനാട്
നയന മനോഹര വർണക്കുടകൾ
മാറ്റുരയ്ക്കും നാട്
മാമാങ്കത്തിൻ നാട്
സമരചരിത്രമുറങ്ങും നാട്



സമത്വസുന്ദരനാട്

അക്ഷരമറിവാൽ  സാക്ഷരരായോർ
ഒത്തിരിയുള്ളൊരു നാട്
ജന്മനാടിൻ മാനം കാക്കാൻ
ധീരരുണർന്നൊരു നാട്
പൊരുതി മരിച്ച വീര പഴശ്ശി
വേലുത്തമ്പിയുമിവിടെ.
സാധുജനത്തെ പരിപാലിക്കാൻ
അയ്യങ്കാളി പൊരുതീ
സാഹോദര്യം കാത്തുനിർത്താൻ
സ്നേഹഗായകനെഴുതീ
സ്നേഹഗായകനെഴുതീ
എന്റെ നാട്.... കേരളനാട്....
മലയാളത്തിൻ നാട്
അറബിക്കടലും സഹ്യാദ്രികളും
അതിരുകൾ കാക്കും നാട്
അതിരുകൾ കാക്കും നാട്...

**-ജ്യോതിക**

# അകലം

ആർദ്ര മേഘങ്ങളിൽ നിന്ന്

ഭൂമിയുടെ ആഴം തേടിയാണ്

മഴ വന്നത്.



പക്ഷെ, ഇന്റർലോക്ക് കൊണ്ട്

ഭൂമിയുടെ ഹൃദയം താഴിട്ട്

ആഴങ്ങളിലേക്കുള്ള

മഴയുടെ വഴി നിഷേധിച്ച്

മായ്ക്കാനാകാത്ത വലിയ

അകലം ആരാണ് വരച്ചത്.

**-മുഹമ്മദ്കുഞ്ഞി മാഷ്.**

# മഴ

മാർത്താണ്ഡൻ[1] കിഴക്കുദിച്ചതോടെ
കുട്ടൻ  വീടിന്റെ ഉമ്മറത്തേക്ക് ഓടി .
മാനത്ത് കാർ മേഘം നിറഞ്ഞിരിക്കുന്നു
അരുണപ്രകാശനും നിന്നുപോയി
കുട്ടൻ കാഴ്ചകൾ കണ്ടുനിൽക്കവെ
ചിന്നിച്ചിതറി മഴ വരുമ്പോഴേക്കും
ഉമ്മറത്തേക്കായി കുട്ടനോടി .
പക്ഷെ,കുട്ടനാകെ നനഞ്ഞിരുന്നു
അമ്മ വഴക്കു പറഞ്ഞു .
മഴയൊട്ടും കുറഞ്ഞതേയില്ല
കുട്ടൻ ഉമ്മറത്തിണ്ണയിൽ വന്നിരുന്നു
മഴയെ നോക്കി പുഞ്ചിരിച്ചു
ഓടിൻ ചരിവിലൂടെ വെള്ളമുറ്റുന്നു
പുതിയൊരു നാദസ്വരം പോലെ.
പുഴയിലും തോട്ടലും കുമിളകൾ വരുന്നു,
വെള്ളം ഇലകളിൽ ചിന്നിച്ചിതറുന്നു .
കാഴ്ചകൾ കണ്ടവൻ സന്തോഷിച്ചു,
മഴയത്ത് ചാടിത്തിമിർത്തു.
മഴ ,ആരും കളിക്കാൻ ഇഷ്ടപ്പെടുന്ന  മഴ
എന്തു മനോഹരം എന്തു ഭംഗി



ആദിത്യൻ.ഒ.വി
9 A



1 സൂര്യൻ

# യ്യോ...അയ്യോ



മലമുകളിൽ നിന്ന്
"യ്യോ"എന്ന
പോസിൽ
സെൽഫിയെടുത്തു
താഴ്വാരത്തു നിന്നു
കിട്ടിയതും
" അയ്യോ"
എന്ന


പോസിലുള്ള സെൽഫി.

ആദിത്യൻ.എം.ടി
**പ്ലസ്‌വൺ**
**സയൻസ്**

# കണ്ണാടി

ഞാൻ നോക്കുമ്പോൾ
നീ എന്നെ നോക്കുന്നു.
ഞാൻ ചിരിക്കുമ്പോൾ,
നീയും ചിരിക്കുന്നു.
നിന്റെ മന്ദഹാസം
എന്റെ മന്ദഹാസമാകുമ്പോൾ,
നീ ഞാനാകുന്നു.

അമൽരാജ് ടി.വി
9A



# റിമോട്ട് കൺട്രോൾ



നാട്ടിൻപുറത്തുകാരനായ പൗലോസ് ചേട്ടൻ വൃദ്ധസദനത്തിൽ വെച്ചാണ് കണ്ണടച്ചത് . മരണസമയത്ത് അമേരിക്കയി-ലുള്ള മക്കളുടെ പേരിലാണ് നാട്ടുകാരുടെ പൗലോസ് ചേട്ടൻ പ്രശസ്തനായത്. ഒടുവിൽ പന്ത്രണ്ടാം നാളിലാണ് ചരമഅടിയന്തിരത്തിൽ പങ്കെടു ക്കാൻ ഭാഗ്യമുണ്ടായത്. മൂത്ത മകൻ സെബാസ്റ്റ്യന്റെ ഇളയപുത്രൻ ഇവാനോ ആദ്യമായാണ് നാട്ടിലെത്തിയത്.കാഴ്ചകൾ പലതും അവന് പുതുമയേകി.വിട്ടിനകത്തും പുറത്തും അധികാരത്തോടെ തല-യുയർത്തി വിലസി നടന്നിരുന്ന പൂവൻ കോഴിയെ കണ്ടപ്പോൾ ഇവാനോ കാർട്ടൂൺ സിനിമയിലെ സാഹസികനായ ജോംഗ്ളിയെ ഓർമ്മിച്ചു.ജോംഗ്ളിയെ പിന്തുടർന്ന ഡിങ്കുവിനെപ്പോലെ അവൻ കോഴിക്കുപിറകെ ഓടിത്തളർന്നു.ജോംഗ്ളി ഒടുവിൽ തൊഴുത്തിന്റെ പടിഞ്ഞാറു ഭാഗത്ത് ചാണകക്കുഴിയുടെ മുകളിൽ അഭയം പ്രാപിച്ചു.ഇവാനോ"മമ്മീ..ജോംഗ്ളിയുടെ ബാറ്ററി തീർന്നു"..!!

വിവേക് കൃഷ്ണൻ
പ്ലസ് വൺ സയൻസ്

# അതിർത്തി


അതിർത്തികൾ
നിതാന്തജാഗ്രതയുടെ
ഉറക്കച്ചടവുള്ള കുരുതിപ്പാടങ്ങളാണ്.
അരുതുകളുടെ അതിരുകളിൽ
നുഴഞ്ഞിറങ്ങുന്ന വിഷപ്പാമ്പുകളുടെ
മടകൾ നിറഞ്ഞ  ഒളിസങ്കേതങ്ങൾ
അകതാരിലെ അഭിമാനവെളിച്ചത്തിൽ
ജ്വരം  വെടിഞ്ഞുപോകുന്നവർ.
അതിരുകളില്ലാത്ത അകതാരും;
അരുതുകളില്ലാത്ത അതിരും
എന്റെ സ്വപ്നം..




**വസുദേവ്**
**പത്താംതരം**

## ബീഫ്

ദൈവത്തിന് മൂക്കുകയറിട്ട്
പൂച്ഛിക്കുന്നവൻ
രക്തത്തിനായി പരസ്യം നൽകി.
നൽകാനെത്തിയത്
നെറ്റിയിൽ നിസ്കാരത്തഴമ്പുള്ള
വട്ട തലക്കെട്ടുള്ള മനുഷ്യൻ.




ഇരയെകണ്ടപാടെ അയാൾ
പ്രതീക്ഷയോടെ തുറിച്ചുനോക്കി.
ബീഫ് കഴിച്ചിട്ടുണ്ടോ?
ഇല്ല..
ഭാഗ്യം.
കഴിച്ചിട്ടുണ്ടെങ്കിൽ..?
ന്നാലും കുഴപ്പൂല്ല്യാ..

പാർവതി എം

**പ്ലസ് വൺ സയൻസ്.**

8

## മുഖം തേടിയൊരു യാത്ര...

പകച്ച സ്വപ്നങ്ങൾ;

പുകഞ്ഞ കീടങ്ങൾ,

ഏകാന്തതയുടെ തടവറ .

ഇവിടെ മോഹങ്ങളും

സ്വപ്നങ്ങളും

തണുത്തുറഞ്ഞിരിക്കുന്നു.

ജഡത്തിലെ അലസമായ

തുന്നിക്കെട്ടുകൾ

തുറിച്ച കണ്ണുകൾ.

മുഖം നഷ്ടപ്പെട്ടവരുടെ

പകച്ച കണ്ണിലേക്ക്..

ഇന്നു ഞാൻ..നാളെ നീ...

വസുദേവ്

**പത്താംതരം**

# വിധി

ഒറ്റത്തടിയാം  ജീവിതമത്

അനർത്ഥമായീടുന്നതുപോലെ,

പിശ്ശുക്കകാട്ടും കൈവെള്ളകളും,

കബളിപ്പിക്കും ജീവിതകഥയും,

തനിക്കു സമ്മാനിച്ചീടുന്നത്.

അനർത്ഥമായൊരു ജീവിതമിങ്ങനെ;

തുടരെ തുടരെ പടുത്തുയർത്തും

കുറ്റൻ മാളിക ആർക്കാണ്.

മാറ്റിമറിക്കാൻ ഒരു ചലനം മതി.

ആയിരം  ജീവനെ തളത്തിനുള്ളിൽ

ഖബറിൻകാട്ടിൽ തനിച്ചുമാറി

കിടന്നുറങ്ങും ഒരുനാൾ നമ്മൾ.




അമൽരാജി ടി.വി

9A

ജി.എച്ച്.എസ്.എസ്

**കുട്ടമത്ത്.**

# വീണപൂവ്




മാറാലപിടിച്ച മനസ്സിൽ
സ്നേഹ ളുവൽ കൊണ്ട് തുടച്ചപ്പോൾ,
പ്രണയിനിക്കായി കാത്തുവച്ച
പനിനീർപൂക്കൾ വിരിഞ്ഞു.
സൂര്യകിരണങ്ങളേറ്റ് ചുവന്ന
നിന്റെ പുഞ്ചിരിക്ക്
ഒരു ശലഭത്തിന്റെ ആയുസ്സ് .
മാത്രമെന്നറിഞ്ഞപ്പോൾ
അതൊരു മിഥ്യയാവാൻ
ഞാൻ കൊതിച്ചു.
സുഹൃത്തേ
സൗഹൃദം.... എന്റെ പാതിജീവിതമാണ്.

അഖിൽരാജ്.ടി.വി
**പ്ലസ് ടു കൊമേഴ്സ്.**

## നാരങ്ങമുട്ടായി



കണാരേട്ടന്റെ കടയിലെ ചില്ലുഭരണിയിൽ
ഞാനുണ്ടായിരുന്നു.
ഇന്റർവെൽ സമയത്തെ തിരക്കിനിടയിലും
കണ്ണുകൾ തിരഞ്ഞതും എന്നെ.
കണക്കുപറഞ്ഞുതന്നതിന് കൈമടക്കായി
നുണഞ്ഞിറക്കിയതും എന്നെ.
കാപട്യത്തിന്റെ കൈയ്യ് കലരാത്ത
നാരങ്ങമുട്ടായി..സ്നേഹമുട്ടായി.



ഞാനിരുന്ന ഭരണിയിൽ ഇന്ന്
സായിപ്പിന്റെ ഭരണം.
ബഹുവർണ്ണകടലാസ് പൊതിഞ്ഞ
രുചിയുടെ വിഷക്കുട്ടുകൾ.
ഓർമയിൽ ഇപ്പോഴുമുണ്ട്
സ്നേഹത്തിന്റെ മഴവില്ലായി
ആ പഴയനാരങ്ങ മിഠായി.

നന്ദന കെ

**പത്താംതരം**

## പെയ്യാതെപോയ മേഘം

**ആ**കാശത്തിലെപ്പോഴോ
ഞാൻ കണ്ട കാർമേഘം
ജീവിതസാഗരത്തിൻെറ ആഴ-
മറിയാത്തതുകൊണ്ടായിരിക്കാം
ഞാൻ അതിനെ നോക്കിയില്ല.
ആശ്വാസമായ്; വരണ്ട ആകാശത്തുനിന്നും
എന്റെ മുഖത്തുവീണ മഴത്തുള്ളികൾക്ക്
സ്നേഹത്തിന്റെ ഇത്തിരിഗന്ധം...
അറിഞ്ഞെന്ന നടിച്ചാൽ മഴയായ് പെയ്താലോ?
അറിഞ്ഞില്ല ഒന്നും.
ഇരുട്ടിലെങ്ങോ ഞാൻ സ്നേഹിച്ച കാർമേഘം
മഴയ്ക്കുവേണ്ടി ഉള്ളതായിരുന്നോ?
അടുത്ത മഴയ്ക്കായ്...
കാത്തിരുന്നു ഞാൻ.



© Can Stock Photo - csp14672352

13

## തിരനോട്ടം

**ക**ളിവിളക്കിന്റെ  അരണ്ട വെളിച്ചത്തിൽ
കത്തിയായ് ദ്വേഷ്യം പൂണ്ട ദു:ശ്ശാസനൻ,
അരങ്ങിൽ നിലവിളിയായി ജിഷമാർ
നിണമണിയുന്ന കാട്ടാളൻ
കലാശം ചവിട്ടുന്നു...
കരിയായ് കലിയായ്
കരിപുരണ്ട കത്തിയായ്
പതിയെ രൂപം മാറി.



## കവിതയെപ്പറ്റി

**ഞാ**ൻ
വെറുതെയിരിക്കുമ്പോൾ
അവർ ഓടിയെത്തും
അക്ഷരങ്ങൾ..
കോരിയെടുത്ത് ഞാൻ ഉമ്മവെക്കും..
അത് ചെടിക്കൊമ്പിലിരിക്കുന്ന
നിറം കെട്ട പൂവാണെങ്കിലും..
നിറമുള്ള താരകങ്ങളായി
ആകാശത്തേക്കുയരും.



## അമ്മ

**അ**മ്മയെന്നുള്ള രണ്ടക്ഷരമാണെൻ
ഹൃദയത്തിലൂറുന്ന സ്നേഹഭാഷ.
എന്നുമെൻ കാതിൽ ശ്രവിക്കുന്ന വാക്കുകൾ
അമ്മതൻ ള്ളുമൊഴി കൊഞ്ചലുകൾ.
താരാട്ടുപാട്ടിന്റെ ഈണമായമ്മ
സ്നേഹം ചൊരിയുന്ന്യ കൽക്കണ്ടം പോൽ.



## ചെയ്ത്തി

**അ**വൾ ഇരിക്കുകയായിരുന്നു.
അനാവശ്യമായി കയറിവന്ന
*ബ്രസൽസും പാരീസും
മദർ തെരേസയും...
എല്ലാം ഒഴിവാക്കി..
അയാൾ അടുത്തേക്കുവന്നു.
തുടങ്ങിയില്ല..... അവസാനിച്ചിരുന്നു...

## <u>സാമ്പാർ</u>

**എ**ന്റെ സാമ്പാർ വെന്തതും തിളച്ചതും
കാണാൻ വൈകിപ്പോയി.
കരിഞ്ഞ മണമടിച്ചപ്പോഴാണ്
തിരിഞ്ഞ്  നോക്കിയത്.
അടിക്കുപിടിച്ച പാത്രത്തിലതാ
മദർ തെരേസയും അരുണയും
ശർമ്മിളയുമെല്ലാം വൃത്തിയാക്കുന്നു.
കടം വാങ്ങിയ കണ്ണുകളും
വരണ്ടുകീറിയ കരങ്ങളും
നെറ്റിയിൽ പൊടിഞ്ഞ ഉപ്പും
ഒന്നിച്ചുചേർത്ത്
പുതിയ സാമ്പാറുണ്ടാക്കി.



# നൂല്

ഒഴുക്കിന്റെ ഒത്ത നടുവിൽ വച്ചാണ്
കണ്ണുപൊട്ടിയും വായ കീറാത്തവനും കണ്ടുമുട്ടിയത്.
അവർ ചേർന്ന് പിണഞ്ഞൊരു നൂലായി
പിന്നെ അതൊഴുകി..........
ഒഴുകിയ നൂലിന്റെവിധി
ഇരയായവളുടെ ചരടാനാവാനയിരുന്നു
അല്ലെങ്കിൽ ഒരു ചരട് മതിയല്ലോ ......
ഇരപിന്നെ,
ഒന്നും പറഞ്ഞില്ല,കണ്ടതുമില്ല
എല്ലാം അറിയുന്നുണ്ടായിരുന്നു
അകക്കണ്ണിലെന്തോ എരിയുന്നുണ്ട്
ചരട് പിണഞ്ഞതിൻ നാളമോ
ഉപ്പിട്ടുണങ്ങിയ കിനാവിന്റെ രോദനമോ?
വീർത്തവയറിൽ നൂലുകെട്ടി അവളിരുന്നു.
അകത്തുള്ളയാൾക്ക് അനക്കമുണ്ടോ ?
പിണഞ്ഞ ചരട് ഇരയോട് പറഞ്ഞു,
ഒരു കഥ,ഒഴുക്കിന്റെ കഥ
കഥയിൽ അവൾക്കൊരു കുട്ടുകിട്ടി
ചാലിച്ച് നെറ്റിയിൽ തൊട്ടപ്പോഴാണ്
പൊക്കിൾക്കൊടി ആദ്യം ചിരിച്ചത്
അവളും ചിരിച്ചു.
അതു കണ്ടകുട്ടി വിളിച്ചു
അമ്മേ,പ്രതിമ ചിരിക്കുന്നു

**-വർഷ വി**

# വിദ്യാർഥികളും നവമാധ്യമങ്ങളും

യുദ്ധത്തിന്റെയും കലാപത്തിന്റെയും കലുഷിത ലോകമാണ് ഇന്ന് ലോകം. അതിൽ നന്മയുടെയും തിന്മയുടെയും വിശ്വരൂപമാണ് സോഷ്യൽ മീഡിയ. വളരെ ചെറിയ കുഞ്ഞുങ്ങൾ മുതൽ വൃദ്ധരുടെവരെ നിത്യജീവിതത്തിനെ ആശ്രയിക്കുന്ന ഒന്നാണ് മാധ്യമങ്ങൾ. വാട്സ് ആപ്പിലും ഫേസ്ബുക്കിലും അടിമപ്പെട്ടവരാണ് നമ്മൾ. പല അറിവുകളും വിവരങ്ങളും സംഭരിക്കാൻ നമ്മേ ഇവ സഹായിക്കുന്നു. ഒരു വ്യക്തിയും രൂപഭാവ സംസ്കാരം , ശൈലി എന്നിവയെ മാറ്റിമറിക്കാൻ അതിന് കഴിയും. ഫോൺ എന്ന ജയിലിലെ അടിമകളാണ് മാധ്യമങ്ങൾ. അതിൽ വൈകാരികമായി തളർന്ന് പോകുന്നവരാണ് നമ്മൾ. ലളിതമാർന്ന മനസ്സിനെ ഈ മാധ്യമങ്ങൾ കീഴ്പ്പെടുത്തും. അവരുടെ വികാരങ്ങളെ ഉയർത്തെഴുന്നേൽക്കാൻ മാധ്യമം എന്ന കള്ളൻ ശ്രമിക്കും. കൂടുതലായി കൗമാരത്തിലും യൗവനത്തിലും ജ്വലിക്കുന്ന പ്രയക്കാരെ ഇവ അതിൽ കീഴ്പ്പെടുത്തും. ഇതുവഴി ലഹരിക്കമ്പനികളുടെ തൊഴിലാളികളായി ഇവർ മാറുന്നു. അവരെ ജീവിതത്തിലേക്ക് തിരിച്ച്- കൊണ്ടുവരാൻ ഉപദേശത്തിനുപകരം സാന്ത്വനത്തിലൂടെ കഴിയും. 15-ാം നൂറ്റണ്ടിലെ , 21-ാം നൂറ്റാണ്ടിലെ മാനവികത്വത്തെ മനസ്സിലാക്കിയ എഴുത്തച്ചന് അതു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ തത്ത്വാത്മികമായ ചിന്തകളും , പല കാവ്യശൈലിയായ ഉപമാനങ്ങളുടെ പ്രയോജനത്തിലൂടെ മനുഷ്യമനസ്സിനെ അത് അടിമയാക്കി മാറ്റി 'തത്ത്വോപദേശകകവി' യാണ് അദ്ദേഹം. മെമോ, ബ്ലൂവെൽ എന്നിവ മനുഷ്യന്റെ ഏകാന്തത യെയും ദുഷ്പ്രവർത്തനത്തിലേക്ക് അവരെ നയിക്കുന്നു. തുടർന്ന് പതുക്കെ പതുക്കെ അവരെ ഇഞ്ച് ഇഞ്ചായി കൊല്ലുന്നു. ഐശ്വര്യവും സമ്പന്നവുമായ കേരളത്തിന്റെ ഈ അവസ്ഥയ്ക്ക് കാരണം ,സോഷ്യൽ സഹായിക്കാൻ വേണ്ടി ഇവ സഹായിച്ചു. വിദ്യാഭ്യാസപരമായുംപുരോഗമനപരമായും, സോഷ്യൽ മീഡിയ താങ്ങും തണലുമായി സഹായിക്കുന്നു. സമൂഹനന്മയുടെയും ബന്ധത്തിനെ ബന്ധനമായി കാണുന്ന മനോഭാവത്തെയും ചക്ഷണപ്രഭാചഞ്ചമായി തീർക്കുന്നു.കാലികചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയാണ് ഇത്. പഴയകാലത്തിന്റെ കുടുംബത്തിന്റെ കെട്ട് ഉറപ്പ് പുതിയ തലമുറയിൽ ശിഥിലമായിത്തീരുന്നു. അവയെ സംയോജി ക്കാൻ നന്മ മനസ്സുകൾ ഉണരുന്നില്ല.

ഇങ്ങനെ പോയാൽ അധികം വൈകാതെ തലമുറ മണ്ണ് അടിയും. ശാരീരികമായും മാനസികമായും അടിച്ചമർത്തുന്ന മൃഗമാണ് അത്. സമൂഹത്തിന് മതൃകയായി പ്രകാശിക്കേണ്ട വ്യക്തിമുദ്ര പതിപ്പിക്കേണ്ട മാനവികകാരാണ് നമ്മൾ കുട്ടികൾ അഥവാ വിദ്യാർഥികൾ. സമൂഹത്തെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. നവകേരളം അല്ലെങ്കിൽ , നവലോകമെന്ന ഉറങ്ങിക്കിടന്ന് കാണുന്ന സ്വപ്നത്തിൽ നിന്ന് എഴുന്നേറ്റ് നവമനുഷ്യൻ എന്ന

സ്വപ്നത്തെ പുരോഗമ- നത്തിന്റെ വക്കിൽ കൊണ്ടുവരു. അതിജീവനത്തിന്റെ സമാധാനത്തിന്റെ സുജനയായ പ്രാവിനെപ്പോലെ ,സ്വാതന്ത്ര്യത്തിന്റെ സുഗന്ധത്തിൽ പാറിപ്പറന്ന ഉണരു. ഈ അവസരത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി പോരാടിയ മഹാത്മരായ കൈലാസ് സത്യാർഥി , മലാല എന്നിവർ നമുക്ക് മാതൃകയാണ്. പുരോഗതി യുടെ സന്താനങ്ങളാണ് വിദ്യാർഥികൾ. പുതുസ്വപ്നങ്ങളുമയി നമുക്ക് അകലെ പോകാം. കളങ്ക ത്തിന്റെയും ദുഷ്പ്രവർത്തനത്തിന്റെയും മുന്നിൽശത്രുക്കളായി നമുക്ക് മാറാം. അതിജീവനം ഇരുചുമരുകളിലായി ധ്വനിക്കട്ടെ.

-

ദേവിക

പത്താം തരം

## നഷ്ട സ്വർഗങ്ങൾ

ങ്ഹ്....ങ്ഹ്.... മോളെ സഫിയാ.... കുറച്ച് വെള്ളം കൊണ്ട് വരിൻ.... ചുമച്ചുകൊണ്ട് ഖദാജുമ്മ പറഞ്ഞു. ആ ഉമ്മാ...കൊണ്ട് വരന്ന്.... വെള്ളം കുറച്ച്കുറച്ച് ഇറക്കി കൊണ്ട് ആ ഉമ്മ തന്റെ മകളെ ചേർത്ത് പടിച്ചുകൊണ്ട് പറഞ്ഞു. "മോളെ, ഇനി ഇജ്ജ് വളരേണ്ടത് തനിച്ചായിരിക്കാം. കാരണം ഇനിക്ക് തീരേ സുഖല്ല... ജ്ജ്നെ സംരക്ഷിക്കാൻ ഇനിക്ക ഒരു കൂട പിറപ്പിനെ പടച്ചോൻ തന്നിട്ടില്ല. അതുകൊണ്ടു നിന്റെ സഹോദരീനെ പോലെ ജ്ജ്നെ കൊണ്ട് നടക്കുന്ന ആ ഉള്ള ചങ്ങായീനെ ഉപേക്ഷിക്കേണ്ടാട്ടോ.വിതുമ്പികൊണ്ട് പെറ്റുമ്മ പറഞ്ഞു തീർത്തു. രാത്രീത പഴഞ്ഞുണി തിന്ന് രണ്ടുപേരും വിശപ്പടക്കി. തേഞ്ഞ് കീറിപ്പോയ ഓലപ്പായ വിരിച്ച് കിടന്നു. ആ രാത്രിൽ സഫിയ കണ്ട സ്വപ്നം ഏറെ ഭയാനകമായിരുന്നു. തന്റെ ബാപ്പ മരിച്ചപോലെ തന്റെ ഉമ്മയും മരിക്കുന്നതായിരുന്നു ആ ഭയാനക ദൃശ്യം. രാവിലെ ഈസ്വപ്നത്തിന്റെ മനസ്സിൽ ഉൾകൊണ്ടു. അവൾ തയഞ്ഞ ഉടുപ്പുമിട്ട് പൊട്ടിയ സ്ലേറ്റും അവളുടെ കൂട്ടുകാരി ജുമൈല കൊടുത്ത സ്ലേറ്റും പെൻസിലും എടുത്തത് ദാരിദ്രത്തിന്റെ കൊടമുടിയിൽ നിന്ന് ഇറങ്ങി. ജുമൈലയുടെ വീടുവരെ അവൾ എത്തിയുള്ളു. പിറകിൽ നിന്ന് ഒരു ദീനസ്വരം, മോളെ സഫിയാ... മോളെ സഫിയാ...ഇങ്ട് വാ മോളേ.ദൂരം അത്രയുമായതുകൊണ്ട് അവൾക്ക് ആളെ മനസ്സിലായില്ല.അവൾ അടുത്ത് ചെന്നപ്പോൾ മനസ്സിലായി, അവളുടെ കുടിലിന്റെ അടുത്തുള്ള ബിരാൻകുട്ടിക്കയായിരുന്നു.അവർ അദ്ദേഹം ആ നാലാം ക്ലാസുകാരിയെ കെട്ടിപിടി ച്ചുകൊണ്ടു പറഞ്ഞു. “മോളെ അന്റെ ഉമ്മ പോയി"... ഒന്നും മനസിലാകാതെ അവൾ ബീരാനെ നോക്കി."മോളെ... ഇനി ഈ ദുനിയാവിൽ ജ്ജ്ന്റെ ഉമ്മയില്ല.പടച്ചോന്റെ അടുത്തേക്ക് പോവുകയാ". പാതി മനസിലായ അട്ടഹസിച്ചുകൊണ്ട് വീട്ടിലേക്കോടി. ആ കുടിലിന്റെ മുമ്പിൽ പുരുഷാരം തളം കെട്ടിയിരുന്നു. അതുകൊണ്ടുതന്നെ അവിടെ കൂട്ടകരച്ചിലിന്റെ വേദിയായി.അവൾ കുടിലിന്റെ അകത്തുകടന്നു. അപ്പുറത്തെ വീട്ടിലെ കട്ടിലിൽ തന്റെ ഉമ്മ വെള്ള വസ്ത്രങ്ങളണിഞ്ഞ് പടച്ചോന്റെ അടുത്തേക്കുള്ള യാത്രയ്ക്ക് ഒരുങ്ങികഴിഞ്ഞു. ചിലരുടെ സംസ്കാരങ്ങളിൽ അവൾ മനസ്സിലാക്കി. ഉസ്താദിനെ വിളിച്ചുകൊണ്ടരാനാണ്,യാസിൻ ഓതിക്കൊണ്ട് എന്നൊക്കെ .. ആരൊക്കെയോ ചേർന്ന് ഉസ്താദിനെ കൊണ്ടന്ന് ഖുറാൻ ഓതിച്ചു.അവൾ പെട്ടന്ന് ആലോചിച്ചതെന്ന പോലെ ഒരുവീഴൽ. എല്ലാവരും കൂടി അവളെ ആശുപത്രിയിലെത്തിച്ചു.ഡോക്ടറെ കാണാൻ പുറത്ത് ആളുകൾ നിൽക്കുന്നുണ്ടായിരുന്നു. ഡോക്ടർ പുറത്ത് വന്ന് പറഞ്ഞു"ആരാണ്കുട്ടിയുടെ രക്ഷിതാവ്?"ജുമൈല ആരാണ്? അവരെ കാണണമെന്ന് പറയുന്നു." വന്നതിലൊരാൾ പറഞ്ഞു ഡോക്ടർ ജുമൈല എന്റെ മകളാണ്. സഫിയയ്ക്ക് എങ്ങനെയുണ്ട് ഡോക്ടർ? ഡോക്ടർ:ഒന്നുമില്ല പക്ഷെ ഓക്സിജന്റെ ആവശ്യം

കൂടുതലാണ്.നിങ്ങൾ വേഗം പോയി ജുമൈലയെ കൂട്ടി കൊണ്ടുവരൂ.അവരിൽ രണ്ടുമൂന്ന് പേർ പോയി ജുമൈലയെ കൂട്ടാൻ പോയി.ഓക്സിജൻ റൂമിന്റെ വാതിൽ തുറന്ന് ജുമൈല അകത്തേക്ക് കയറി.സഫിയയുടെ കൈയ്യിലും മൂക്കിലും എന്തൊക്കെയോ വച്ചിരിക്കയാണ്, എന്നാലും മനസ്സിൽ അൽപം ഭീതിയോടെ അവൾ ജുമൈകയുടെ ബെഡിന്റെ അടുത്തേക്ക് ചെന്നു. " സഫിയാ... സഫിയാ..." മെല്ലെ കയ്യിൽ പിടിച്ചുകൊണ്ട് അവൾ മെല്ലെപറഞ്ഞു.സഫിയ ആകെ തളർന്നിട്ടുണ്ടായിരുന്നു. അവൾ പറയാൻഎന്തോ പറയാൻ ഭാവിച്ചതായിരുന്നു. അവൾ പെട്ടന്ന് കണ്ണടച്ചു.അവൾ ഉറക്കെ സഫിയയെ വിളിച്ചുകരഞ്ഞു.അവൾ അട്ടഹസിച്ചു. ഇല്ല സഫിയ ഒരിക്കലും മിണ്ടിയില്ല. ഇല്ല ഇനി സഫിയയില്ല,എനി എനിക്ക് സ്കൂളിൽ പോകാനും വിശേഷങ്ങൾ പറയാനും കളിക്കാനും ഇനിയെനിക്ക് സഫിയയില്ല. അവളുടെ മനസിൽ തോന്നൽ എല്ലായിടത്തും അരിച്ചുകയറി.അവൾ ഭ്രാന്തിയെ പോലെ അവിടെ കിടന്ന് അട്ടഹസിച്ചു. മൂന്ന് ദിവസമായി ജുമൈല പട്ടിണി കിടക്കുന്നു.ഇരിക്കുമ്പോഴും കിടക്കുമ്പോഴുംഎപ്പോഴും മൗനം. അവളുടെ ശാരീരിക പ്രകൃതിമാറി.അവൾക്ക് നഷ്ടപ്പെട്ട സുഹൃത്തിന്റെ വിലാപമാണതിനു കാരണം.അവൾ വ്രതം തെറ്റിക്കുകയാണ്.ഇനി അവൾക്ക് മനസ്സിലായി തുടങ്ങി.ഇനി സഫിയ.... ചിന്തിക്കാൻ കഴിയുന്നില്ല. സഫിയ...... സഫിയ......സഫിയ....ജുമൈല പതുക്കെ പറഞ്ഞു കൊണ്ടിരുന്നു.

